# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2253 — 09.03.2018-ന് മറുപടിയ്ക്ക്

## ഒ.ഇ.സി. ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. മുകേഷ് :** | | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി ഭരതർ, പരവൻ സമുദായത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ;<br><br>(ബി) കൊല്ലം താലൂക്കിൽ ഭരതർ, പരവൻ സമുദായത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി ആനുകൂല്യങ്ങൾക്കായി ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുമ്പോൾ റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. |
| (സി) മേൽ വിഭാഗത്തിന് ഒ.ഇ.സി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന് കാണിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ സർക്കാരിൽ നിന്നും റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | ഇല്ല. റവന്യൂ അധികാരികളുടെ അന്വേഷണങ്ങളിൽ നിന്നും ടി ആനുകൂല്യങ്ങൾക്ക് അർഹരല്ലാത്ത ലത്തീൻ കത്തോലിക്ക സമുദായക്കാരും അനധികൃതമായി ആനുകൂല്യങ്ങൾ നേടുന്നുവെന്ന മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഭരതർ / പരവർ ക്രിസ്ത്യാനി കളെന്ന് അവകാശപ്പെടുന്നവർക്ക് അവരുടെ പൂർവ്വികർ പട്ടികജാതി പരവൻ / ഭരതർ സമുദായക്കാരാണെന്ന് തെളിയിക്കാനാകാത്ത പക്ഷം, ഒ.ഇ.സി. |

ആനുകൂല്യങ്ങൾക്ക് അർഹരല്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. (രാജൻ Vs. സ്റ്റേറ്റ് ഓഫ് കേരള വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി 730). ടി സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതിനാലാണ് കൊല്ലം ജില്ലയിലെ പരവർ / ഭരതർ ക്രിസ്ത്യൻ എന്ന് അവകാശപ്പെടുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത്.

(ഡി) ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ ജാതി സാധുത സംബന്ധിച്ച് തർക്കം നിലവിലുണ്ടോ ; ഇക്കാര്യം സംബന്ധിച്ച് കിർത്താഡ്സ് ആധികാരികമായ പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(ഡി) ഉണ്ട്. നിരവധി വ്യക്തിഗത അന്വേഷണങ്ങൾ കിർത്താഡ്സ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'സി' പിരിവിലെ മറുപടിയിൽ പരാമർശിച്ചതു പോലെ കിർത്താഡ്സ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി (രാജൻ Vs. സ്റ്റേറ്റ് ഓഫ് കേരള വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി 730) വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ടി വിഷയം കിർത്താഡ്സ് പഠന വിഷയമാക്കിയിട്ടുണ്ട്. എന്നാൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

Chandrika Paul

സെക്ഷൻ ഓഫീസർ